# കേന്ദ്ര മദ്റസാ ബോർഡ്

**കേന്ദ്ര** മദ്റസാ ബോർഡ് സ്ഥാപിക്കാനുള്ള തീരുമാനം സമ്മിശ്ര പ്രതികരണമുളവാക്കിയിരിക്കുന്നു. മുസ്‌ലിംവേദികളും സംഘങ്ങളും പൊതുവെ ഇതിനെ പ്രതികൂലമായാണ് കാണുന്നത്. ആവശ്യത്തിനനുസരിച്ച് ഇടക്കിടെ പരിഷ്കരണങ്ങൾ വരുത്താറുണ്ടെന്ന് മതവിദ്യാലയങ്ങളുടെ ഭാരവാഹികൾ പറയുന്നുണ്ടെങ്കിലും നൂറ്റാണ്ടുകൾക്കിടെ മതപാഠശാലകളിലുണ്ടായ മാറ്റങ്ങൾ ഭാഗികവും അപര്യാപ്തവുമാണെന്നാണ് പൊതുവെ മനസ്സിലാക്കപ്പെടുന്നത്. ജീവിതത്തിലും സമൂഹത്തിലും ഇടപാടുകളിലും പ്രശ്നങ്ങളിലുമുണ്ടാകുന്ന മാറ്റങ്ങൾ മതവിദ്യാലയങ്ങളുടെ പാഠ്യപദ്ധതികളെ സ്വാധീനിക്കാറില്ല. ഇസ്‌ലാമിനെ സംബന്ധിച്ചേടത്തോളം ആധുനിക വിജ്ഞാനങ്ങളെ മാറ്റിനിർത്തി മതവിജ്ഞാനങ്ങൾ മാത്രം നേടുന്നതിന് സാധൂകരണമില്ല. രണ്ടു രംഗത്തും ഒരുപോലെ മുന്നേറേണ്ടതുണ്ട്. മുസ്‌ലിംസമൂഹത്തിന്റെ ആദ്യത്തെ അഞ്ചു നൂറ്റാണ്ട് ഇക്കാര്യത്തിൽ മാതൃകയാണ്.

കഴിഞ്ഞ നാല് നൂറ്റാണ്ടിനുള്ളിൽ ലോകത്ത് വമ്പിച്ച മാറ്റങ്ങളുണ്ടായിട്ടുണ്ട്. വൈജ്ഞാനിക-ശാസ്ത്രരംഗത്ത് അത്ഭുതാവഹമായ വികാസവും പരിവർത്തനവും നടന്നു. സയൻസിലെ വ്യത്യസ്ത ശാഖകൾക്കു പുറമെ സാമൂഹിക ശാസ്ത്രത്തിലും അത്ഭുതാവഹമായ വിവിധ ശാഖകൾ ഉരുത്തിരിയുകയുണ്ടായി. മതപാഠശാലകളിലെ വിദ്യാർഥികൾക്ക് ഈ അറിവുകൾ നിഷേധിക്കപ്പെട്ടുകൂടാ. ഈ ലേഖകൻ അലീഗഢ് മുസ്‌ലിം യൂനിവേഴ്സിറ്റിയുടെ മേധാവിയായിരിക്കെ മതവിദ്യാലയങ്ങളുടെ പാഠ്യപദ്ധതിയിൽ ആധുനിക വിജ്ഞാനങ്ങൾ ഉൾപ്പെടുത്താൻ അഖിലേന്ത്യാ തലത്തിൽ ഒരു ശ്രമം നടന്നിരുന്നു. അന്നു മുതൽ ഇന്നുവരെ ആ സംരംഭവുമായി ഈ ലേഖകൻ ബന്ധം പുലർത്തിവരുന്നു. കഴിഞ്ഞ നൂറ്റാണ്ടിലെ അവസാന ദശകത്തിൽ മാനവ വിഭവശേഷി മന്ത്രാലയം മദ്റസാ പരിഷ്കരണത്തിനായി ഒരു പദ്ധതി ആരംഭിച്ചു. മദ്റസകളിൽ ഇടപെടാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ലെന്നും എന്നാൽ ആധുനിക വിഷയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ ആഗ്രഹിക്കുന്ന മദ്റസകളെ ഗവൺമെന്റ് സഹായിക്കുമെന്നും തുടക്കത്തിലേ വ്യക്തമാക്കിയിരുന്നു. ആധുനിക വിഷയങ്ങൾ പഠിപ്പിക്കുന്ന അധ്യാപകർക്കുള്ള ശമ്പളവും, സയൻസും കണക്കും പഠിപ്പിക്കാനാവശ്യമായ സാമഗ്രികളടങ്ങിയ കിറ്റുമായിരുന്നു ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള മുഖ്യമായ സഹായം. സംസ്ഥാന സർക്കാറുകളിലൂടെ നടപ്പാക്കാനുദ്ദേശിച്ച ഈ പദ്ധതി പ്രാബല്യത്തിൽ വന്നുവെങ്കിലും പെട്ടെന്ന് തയാറാക്കിയതിനാൽ അതിൽ ചില പോരായ്മകളുണ്ടായിരുന്നു.

ഗവൺമെന്റ് നിർദേശ പ്രകാരം ഹംദർദ് എജുക്കേഷൻ സൊസൈറ്റി ഒരു സംസ്ഥാനത്ത് ഈ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയപ്പോഴാണ് പോരായ്മകൾ ശ്രദ്ധയിൽപെട്ടത്. ഈ ലേഖകൻ അവ ഗവൺമെന്റിന്റെ ശ്രദ്ധയിൽപെടുത്തുകയുമുണ്ടായി. മതവിദ്യാലയങ്ങളിലെ അധ്യാപകർക്കിടയിൽ ആധുനികവിഷയങ്ങൾ പഠിപ്പിക്കാൻ യോഗ്യതയും അധ്യാപന പരിശീലനവും നേടിയവരുടെ അഭാവം, ഈ വിഷയങ്ങളിൽ അവഗാഹമില്ലാത്തതിനാൽ സ്ഥാപന മേധാവികൾക്ക് അവ പഠിപ്പിക്കുന്ന അധ്യാപകർക്ക് വേണ്ടവിധം മേൽനോട്ടം വഹിക്കാനാവാത്ത അവസ്ഥ, മതവിഷയങ്ങളുടെ സമയ കുറക്കാതെ തന്നെ ടൈംടേബിളിൽ ആധുനികവിഷയങ്ങൾ ഉൾക്കൊള്ളിക്കാനുള്ള വ്യവസ്ഥകൾ ഇല്ലാതിരുന്നത് തുടങ്ങിയവയായിരുന്നു പോരായ്മകൾ. പുറത്തുള്ള യോഗ്യരായ അധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണിച്ചിരുന്നില്ല. പോരായ്മകൾ ഉണ്ടായിരിക്കെ തന്നെ ധാരാളം മതവിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രസ്തുത പദ്ധതി പ്രയോജനപ്പെടുത്തി എന്നത് അതിന്റെ സ്വീകാര്യതയാണ് സൂചിപ്പിക്കുന്നത്. സർക്കാർ ദീനീ മദ്റസകളിൽ ഇടപെടുകയാണെന്ന പരാതിയും ആരും ഉന്നയിച്ചിരുന്നില്ല. പത്തു പന്ത്രണ്ട് വർഷത്തിനുശേഷം ഈ പദ്ധതി അവലോകനം ചെയ്ത് പോരായ്മകൾ തിരുത്തി കൂടുതൽ മെച്ചപ്പെടുത്തേണ്ടതായിരുന്നു. അതിനുപകരം ഗവൺമെന്റ് ഇപ്പോൾ പുതിയൊരു പദ്ധതി പ്രഖ്യാപിച്ചത് എന്തിനാണെന്ന് അറിയില്ല.

ഈ വിഷയകമായി ഒരു ധവള പത്രമിറക്കുകയായിരുന്നു വേണ്ടിയിരുന്നത്. അതിൽ മദ്റസാ വിദ്യാഭ്യാസത്തെ വിലയിരുത്തുകയും ആധുനികവത്കരണ പദ്ധതിയുടെ നേട്ട കോട്ടങ്ങൾ അപഗ്രഥിക്കുകയും ചെയ്യേണ്ടതായിരുന്നു. നിർദിഷ്ട കേന്ദ്ര മദ്റസാ ബോർഡിന്റെ രൂപരേഖ അതിൽ സമർപ്പിക്കുകയും മുമ്പത്തെ ആധുനികവത്കരണ പദ്ധതിയിലെ ഏതെല്ലാം ഭാഗങ്ങൾ ഒഴിവാക്കുകയും ഏതെല്ലാം ഭാഗങ്ങൾ സ്വീകരിക്കുകയും ചെയ്തുവെന്നും അത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കുകയും ചെയ്യേണ്ടിയിരുന്നു. അപ്പോൾ മാത്രമേ ഈ വിഷയം ശരിയായ ധാരണയോടെ വിലയിരുത്താനും ചർച്ച ചെയ്യാനും സാധിക്കൂ. മദ്റസാ നവീകരണത്തിനായുള്ള 1994-ലെ ആദ്യ പദ്ധതി തിരക്കിട്ടാണ് ആവിഷ്കരിച്ചത്. പുതിയ പദ്ധതിക്കും അതേ സ്വഭാവമാണ്.

പാഠ്യപദ്ധതി വികസിപ്പിക്കുന്നതിനേക്കാൾ പ്രധാനം പുതിയ അധ്യാപനരീതി സ്വീകരിക്കലാണ്. ബുദ്ധിപരമായ ഉയർച്ചക്കും ചിന്താവികാസത്തിനും മനഃപാഠമാക്കുന്നതിനേക്കാൾ മനസ്സിലാക്കുകയാണ് വേണ്ടതെന്നത് സർവാംഗീകൃതമായ കാര്യമാണ്. മതവിദ്യാലയങ്ങളിലെ പാഠ്യപദ്ധതി പരിഷ്കരിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നതിനോട് വിയോജിപ്പുള്ളവർ പോലും പുതിയ അധ്യാപനരീതിയെ എതിർക്കേണ്ട കാര്യമില്ല. മതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേധാവികൾ കാലഘട്ടത്തിന്റെ മാറ്റങ്ങൾ ഉൾക്കൊള്ളാൻ തയാറാകേണ്ടതുണ്ട്. സർക്കാർ നിർദേശിച്ചതനുസരിച്ചാണ് ഇവിടെ പരിഷ്കരണം തുടങ്ങിയിരിക്കുന്നത്. സ്ഥാപനങ്ങളുടെ ഉത്തരവാദപ്പെട്ടവർ സ്വയംതന്നെ പരിഷ്കരണവുമായി രംഗത്തുവ

രികയായിരുന്നു വേണ്ടിയിരുന്നത്. പരിഷ്കരണസമയത്ത് ദീനിന്റെ അടിസ്ഥാന സ്വഭാവത്തിന് ഹാനി വരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമുണ്ട്.

മദ്റസകളുടെ മുന്നേറ്റത്തെ തടയുന്ന യാതൊരു നടപടിയും ഗവൺമെന്റ് സ്വീകരിച്ചുകൂടാ. മതത്തിലുള്ള ഇടപെടലാണെന്ന് പറയിപ്പിക്കുന്നതും ഫലത്തിൽ മതത്തിലുള്ള ഇടപെടലായിത്തീരുമെന്ന ആശങ്കയുളവാക്കുന്നതുമായ എല്ലാ നടപടികളിൽനിന്നും ഗവൺമെന്റ് വിട്ടുനിൽക്കണം. മതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ തനിമ അമൂല്യമായ കൈമുതലാണ്. അവക്ക് ഏകശിലാരൂപവും ഒറ്റ വർണവും നൽകുന്നതുകൊണ്ട് എന്ത് നേടാനാണ്? പുതിയ അധ്യാപനരീതിയും ന്യൂനതകളിൽനിന്ന് മുക്തമല്ല. അവയും പരിഹരിക്കേണ്ടതുണ്ട്.

അടിസ്ഥാന സൗകര്യവും ആവശ്യമായ ഗുണമേന്മയുമുള്ള മതവിദ്യാഭ്യാസ സ്ഥാപനങ്ങൾ പരിഷ്കരണമാഗ്രഹിക്കുകയും പാഠ്യപദ്ധതി വികസിപ്പിക്കാനും അധ്യാപനരീതി പരിഷ്കരിക്കാനും ഉദ്ദേശിക്കുകയും ചെയ്യുന്നുവെങ്കിൽ അവക്ക് അതിനുള്ള അവസരവും സൗകര്യവും ലഭിക്കേണ്ടതുണ്ട്. നിലവിലുള്ള നവീകരണ പദ്ധതിയിൽ പരിഷ്കരണവും വികാസവും ആവശ്യമാണ്. സദുദ്ദേശ്യത്തോടെ ആധുനികവത്കരണരംഗത്തേക്ക് വരുന്ന സ്ഥാപനങ്ങൾക്ക് മേൽനോട്ടം വഹിക്കാനും മാർഗനിർദേശം നൽകാനും മറ്റു സഹായങ്ങൾ നൽകാനും ഉന്നത മതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രതിനിധികളുൾപ്പെട്ട ഒരു അഖിലേന്ത്യാ മദ്റസാ കൗൺസിൽ രൂപീകരിക്കേണ്ടിയിരിക്കുന്നു. മതവിദ്യാലയങ്ങളെക്കുറിച്ച് കൗൺസിൽ ഗവൺമെന്റിനു മുമ്പിൽ ആവശ്യാനുസൃതം നിർദേശങ്ങൾ സമർപ്പിക്കണം. എന്നാൽ സ്ഥാപനങ്ങളുടെ പാഠ്യപദ്ധതിയിൽ കൗൺസിൽ ഇടപെടുകയുമരുത്. പുതിയ വിദ്യാഭ്യാസരീതികളോട് കൗൺസിലിലെ ഭൂരിഭാഗവും യോജിക്കുകയാണെങ്കിൽ വിദ്യാഭ്യാസം കൂടുതൽ ഫലപ്രദമാക്കാൻ സാധിക്കുമെന്നു മാത്രം. പ്രമുഖ മതവിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നും സർക്കാർ സഹായം സ്വീകരിക്കുന്നില്ല. സഹായം സ്വീകരിച്ചാൽ നിയന്ത്രണങ്ങളും നിബന്ധനകളും ഉണ്ടാകുമെന്ന ആശങ്കയാണ് കാരണം. സർക്കാർ ബജറ്റിൽ മദ്റസകൾക്കും അവകാശമുണ്ട്. അവയുടെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടലിനുള്ള സാധ്യതയില്ലാത്ത സഹായങ്ങൾ സ്വീകരിക്കാവുന്നതാണ്. ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർഥികളുടെ മതപഠനത്തിനുള്ള സംവിധാനമൊരുക്കേണ്ടതും അത്യാവശ്യമാണ്. മദ്റസയിൽനിന്ന് പഠനം പൂർത്തിയാക്കുന്ന വിദ്യാർഥികൾക്ക് ഇംഗ്ലീഷും ആധുനിക വിഷയങ്ങളും പഠിപ്പിക്കാൻ ഏതാനും വർഷങ്ങളായി ചില സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മതപാഠശാലകളുടെ പാഠ്യപദ്ധതിയിൽ ഈ വിഷയങ്ങൾ കൂടി ഉൾപ്പെടുത്തുകയാണെങ്കിൽ മതപഠനത്തോടൊപ്പം ആധുനിക വിജ്ഞാനവുമാർജിക്കാൻ കഴിയും. പണ്ഡിതന്മാരുടെ വൈജ്ഞാനിക നിലവാരം വർധിക്കുന്നത് പൊതുജനങ്ങളെയും ഗുണപരമായി സ്വാധീനിക്കും.

മതവിദ്യാലയങ്ങൾ പള്ളി ഇമാമുമാരെയും മുഅദ്ദിൻമാരെയും സൃഷ്ടിക്കാനുള്ള സ്ഥാപനങ്ങളാണെന്ന കാഴ്ചപ്പാട് മാറേണ്ടതുണ്ട്. മുസ്‌ലിംകൾക്കിടയിൽ പൊതുജനാഭിപ്രായം രൂപീകരിക്കുന്നു എന്നതാണ് അവർ നിർവഹിക്കുന്ന ഏറ്റവും വലിയ ജോലി. ദീനീ വിഷയങ്ങളിൽ അഗാധ പാണ്ഡിത്യവും ലോക ഗതിയെയും പ്രശ്നങ്ങളെയും കുറിച്ച തികഞ്ഞ അവബോധവുമുള്ള പണ്ഡിതന്മാർ നമുക്കുണ്ടാവേണ്ടതുണ്ട്.

മതപാഠശാലകളുടെ പാഠ്യപദ്ധതി പരിഷ്കരിക്കലും അധ്യാപനരീതിയിൽ മാറ്റം വരുത്തലും ആവശ്യമാണ്. അവ സർക്കാറിന്റെ നിയന്ത്രണത്തിലല്ലാതിരിക്കുമ്പോൾ മാത്രമാണ് അത് സാധ്യമാകുക. ചിന്താ-പ്രവർത്തന സ്വാതന്ത്ര്യം അടിയറ വെക്കാതെ മതവിദ്യാലയങ്ങൾക്ക് സർക്കാർ സഹായം സ്വീകരിക്കാൻ സാധിക്കണം. മദ്റസാ നവീകരണത്തിന് പുതുതായി ആരംഭിച്ചിരിക്കുന്ന പദ്ധതിയിൽ മുൻ അനുഭവങ്ങളുടെ വെളിച്ചത്തിൽ അനിവാര്യമായ പരിഷ്കരണങ്ങൾ വരുത്താൻ സർക്കാർ തയാറാകേണ്ടതുണ്ട്. മതസ്ഥാപനങ്ങളിൽ ഗവൺമെന്റിന്റെ ഇടപെടൽ എത്രത്തോളം കുറയുന്നുവോ അത്രത്തോളം മുസ്‌ലിംകളുടെയും മതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പുരോഗതിക്ക് അത് സഹായകമാകും. അകത്ത് പരിഷ്കരണമില്ലാത്തതിനാലാണ് പുറത്തുനിന്ന് അതിനുള്ള ശ്രമം നടക്കുന്നതെന്ന് പണ്ഡിതന്മാർ തിരിച്ചറിയേണ്ടതുണ്ട്. മതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേധാവികൾ ഒന്നിച്ചിരുന്ന് അവയുടെ പരിഷ്കരണത്തിനും പാഠ്യപദ്ധതികളുടെ വിപുലീകരണത്തിനും അധ്യാപനരിതിയുടെ നവീകരണത്തിനും ഫലപ്രദമായ ഒരു പദ്ധതി തയാറാക്കുകയാണെങ്കിൽ വളരെ നന്നായിരുന്നു. അതിന് നാം തയാറാകുന്നില്ലെങ്കിൽ മറ്റുള്ളവർ മറ്റൊരു പരിഷ്കരണ പദ്ധതി അടിച്ചേൽപിക്കുകയായിരിക്കും സംഭവിക്കുക. ■